# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1757 — 22.03.2012-ൽ മറുപടിയ്ക്ക്

**സൈബർ ക്രൈം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ ക്രൈം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് എല്ലാ ജില്ലകളിലും ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തുമോ; | (എ) | സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിന് തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്ത് സൈബർ ക്രൈം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ക്രൈം എൻക്വയറി സെല്ലും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഏറ്റവുമധികം സൈബർ കേസ്സുകൾ റിപ്പോർട്ട് ചെയ്ത ജില്ല ഏതെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം |
| (സി) | സംസ്ഥാനത്ത് 2011 ൽ ആകെ എത്ര സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ? | (സി) | 306 |

Majhel

സെക്ഷൻ ഓഫീസർ.